മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: ഇതിൽ ലിക്വിഡേറ്റ് ചെയ്ത സൊസൈറ്റി ഏതാണ്?

Mr. Parambi Lonappen *(Minister for Rural Development)*: I am not able to give the information just now.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതിനു കമ്മാപ്പിറ്റൽ എത്രയുണ്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ് വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എന്തെല്ലാം വ്യവസായങ്ങളാണ് ആ സൊസൈറ്റി നടത്തിയിരുന്നത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കമ്മാപ്പിറ്റൽ 1000 കയിൽ താഴെയാണെന്നു പറയുവാൻ സാധിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എന്തെല്ലാം സാമാനങ്ങളാണ് ഉള്ളത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അത്യാവശ്യമുള്ള സാമാനങ്ങളൊക്കെയുണ്ട്.

DEPRESSED CLASSES STUDENTS AND SCHOLARSHIP

൧൬൦. മിസ്റ്റർ കെ. കൊച്ചുകുട്ടൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) കഴിഞ്ഞ അഞ്ചു സ്കൂൾ വർഷങ്ങളിൽ വിദ്യാഭ്യാസസഡിപ്പാട്ട്മെണ്ടിൽനിന്നും സ്കോളർഷിപ്പു ലഭിക്കുവാൻ അർഹന്മാരായ എത്ര അധഃകൃതവിദ്യാർത്ഥികൾ ഉണ്ടായിരുന്നു;

(ബി) അധഃകൃതഡിപ്പാട്ട്മെണ്ടിൽനിന്നും സ്റ്റൈപ്പെൻറു കിട്ടുന്നതുകൊണ്ട് മേൽ പറഞ്ഞ സ്കോളർഷിപ്പു അവർക്കു നഷ്ടമായിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ൧൯—൨൦ ൨൦—൨൧ ൨൧—൨൨ ൨൨—൨൩ ൨൩—൨൪
൪ ൫ ൪ ൩ ൨

(ബി) ഇല്ല. എന്നാൽ അധഃകൃതസ്റ്റൈപ്പെൻറ് റൂൾസ് പ്രകാരം എഡ്യുക്കേഷൻ ഡിപ്പാട്ട്മെണ്ട് സ്കോളർഷിപ്പ് കിട്ടുന്ന വിദ്യാർത്ഥികൾക്ക് അധഃകൃതസ്റ്റൈപ്പെൻറും കിട്ടുന്നതല്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സ്കോളർഷിപ്പ് കൊടുക്കുന്നതു കുട്ടികളെ പഠനത്തിനു പ്രേരിപ്പിക്കുവാനായിട്ടല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സ്കോളർഷിപ്പ്, സ്റ്റൈപ്പെൻറു കൊടുക്കുന്ന കുട്ടിക്കു കൊടുക്കുവാൻ പാടില്ലെന്നാണോ ഗവർമ്മെണ്ടിന്റെ നിർദ്ദേശം?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്റ്റൈപ്പെൻറു ഒരു കുട്ടിക്കും സ്കോളർഷിപ്പ് വേറെ ഒരു കുട്ടിക്കും കൊടുത്താൽ രണ്ടു പേർക്കും സഹായമായിരിക്കും.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സ്കോളർഷിപ്പ് ഇല്ലാതെ ഹൈസ്കൂളിൽ പഠിക്കുന്ന എല്ലാ അധഃകൃത വിദ്യാർത്ഥികൾക്കും സ്റ്റൈപ്പെൻറു കൊടുക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്റ്റൈപ്പെൻറു കുറെ കുട്ടികൾക്കു കൊടുക്കുന്നുണ്ട്. ധനസംബന്ധമായ ഒരു സഹായമായിട്ടാണ് അവർക്ക് കൊടുക്കുന്നത്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: തീച്ചയായിട്ടും അതു് അവകാശപ്പെട്ടവർക്കെല്ലാം കൊടുക്കേണ്ടതാണെന്നു ഗവർമ്മെണ്ടിനു തോന്നുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്കോളർഷിപ്പ് ഇല്ലാത്ത കുട്ടികൾക്ക് സ്റ്റൈപ്പെൻറ് കൊടുത്തുവരുന്നുണ്ട്.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: ഡിപ്രസ്ഡ് ക്ലാസ് സ്റ്റുഡൻസിനു സ്കോളർഷിപ്പ് കൊടുക്കുന്നതു പ്രോഗ്രസ് കണക്കാക്കിയല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രോഗ്രസ് അനുസരിച്ചാണ് കൊടുക്കുന്നതു്.

Mrs. Dakshayani Velayudhan *(Nominated)*: If so, is there any meaning in withdrawing the stipend when that progress results in securing a scholarship?

LIBRARY ARCHIVES Kerala Legislative Assembly

Mr. Parambi Lonappen *(Minister for Rural Development)* : The intention is that greater number of Depressed Class students should be benefitted. If a student gets scholarship he would not be given stipend and the stipend can be made available to another student and so more Depressed Class students will be benefitted.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സ്റ്റൈപ്പൻഡും സ്കോളർഷിപ്പും തമ്മിൽ എത്ര കണ്ട് വ്യത്യാസമുണ്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്റ്റൈപ്പൻഡ അപ്പർ സെക്കണ്ടറിയിൽ നക. ലോവർ ക്കണ്ടറിയിൽ വക സ്കോളർഷിപ്പ് ൪-൦, ൩-൦ ക. വീതം.

Mrs. Dakshayani Velayudhan *(Nominated)*: Is there any objection in giving both the stipend and scholarship to the Depressed Class student as a special consideration?

Mr. Parambi Lonappen *(Minister for Rural Development)*: We want to give more advantages to more students. That is the reason why when a student gets scholarship we stop the stipend to him and give the stipend to a student who does not get scholarship.

മിസ്സിസ് ദാക്ഷായണി വേലായുധൻ: ഈ രണ്ടും എതു് കൊല്ലത്തിലാണ് നടപ്പിൽ വന്നതു്? എല്ലാവക്കും സ്റ്റൈപ്പൻഡ കൊടുത്തിരുന്നകാലത്തല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സുവേണം.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: സ്റ്റൈപ്പൻഡ വേറെ ആളുകൾക്ക കൊടുത്തു വെന്നു പറഞ്ഞതു് അധഃകൃതക്കല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതേയുള്ള.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എതെങ്കിലും സ്ഥലത്തു സ്കോളർഷിപ്പ് കൊടുത്തതു മടക്കി വാങ്ങിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെണ്ടിൽനിന്നു അതിനെപ്പറ്റി അന്വേഷിക്കാമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: നോട്ടീസ്സുവേണം.

Mrs. Dakshayani Velayudhan *(Nominated)*: Is there any Depressed Class student who received both stipend and scholarship?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോൾ അങ്ങിനെ ആരുമുണ്ടെന്നു തോന്നുന്നില്ല.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: മുമ്പ് ആരെങ്കിലും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

മിസ്സിസ് ദാക്ഷായണി വേലായുധൻ: സ്കോളർഷിപ്പു കൊടുക്കുന്നതു് കുട്ടികളുടെ പഠിപ്പിലുള്ള മിടുക്കനുസരിച്ചാണെന്നു ഗവൺമെണ്ടിനറിഞ്ഞുകൂടേ?

Mr. Parambi Lonappen *(Minister for Rural Development)*: He was so benefitted till then.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: അങ്ങിനെ മേലാലെങ്കിലും ചെയ്യുകൂടേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്റ്റൈപ്പൻഡും സ്കോളർഷിപ്പും ഇപ്പോൾ രണ്ടുപേക്കായിട്ടാണ് കൊടുത്തുവരുന്നതു്. പ്രോഗ്രസ് കണക്കാക്കി രണ്ടും ഒരാൾക്കുതന്നെ കൊടുക്കേണ്ടതല്ല. സ്കോളർഷിപ്പ് കൊടുക്കുന്നതു് കൂടിയുടെ മിടുക്കിനെ ഉദ്ദേശിച്ചും മേൽ പഠിക്കുന്നതിനുള്ള ഗുണത്തിനായിട്ടും ആണ്. അതുകൊണ്ടാണ് സ്കോളർഷിപ്പ് കിട്ടാത്ത കുട്ടിക്കു മറെറ കുട്ടിയുടെ സ്റ്റൈപ്പൻഡ എടുത്തു കൊടുക്കുന്നതു്.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: ഒരു കുട്ടിക്കു കൊടുത്തിരുന്നതു് എടുത്തു മറെറാരു കുട്ടിക്കു കൊടുക്കുമ്പോൾ ആദ്യം കിട്ടിയിരുന്ന കുട്ടിക്കു പഠിപ്പിലുള്ള പ്രോത്സാഹനം കുറയുകയല്ലേ ചെയ്യുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: പഠിക്കുവാനുള്ളവർ ശരിക്കു പഠിക്കും.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എല്ലാ അധഃകൃത വിദ്യാർത്ഥികൾക്കും സ്റ്റൈപ്പൻഡ കൊടുത്തിരുന്നുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോഴില്ല, മുമ്പ് കൊടുത്തിരുന്നുവോ എന്നറിവില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സ്റ്റൈപ്പൻഡ കൊടുക്കാത്ത കുട്ടികൾ എത്രയുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. കെ. കണ്ണൻ: സ്കൈറെപ്പൻറെ കൊടുക്കുന്നതു ദാരിദ്ര്യത്തെ ഉദ്ദേശിച്ചും, സ്കോളർഷിപ്പ് കൊടുക്കുന്നതു മിടുക്കിനെ പരിഗണിച്ചുമാണ്. മിടുക്കും ദാരിദ്ര്യവും രണ്ടും കൂടിയുള്ള ഒരു കുട്ടിക്കു സ്കോളർഷിപ്പ് കൊടുക്കുകയില്ലെന്നുള്ളതു ശരിയാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഡിപ്രസ്ഡ് ക്ലാസ്സ് സ്റ്റഡൻസിനു് സ്കൈറെപ്പൻറെ കൊടുക്കുന്നതു് ദാരിദ്ര്യത്തെ പരിഗണിച്ചാണു്. പക്ഷെ അയാളുടെ മിടുക്കുകൊണ്ടു് സ്കോളർഷിപ്പ് കിട്ടുകയാണെങ്കിൽ സ്കൈറെപ്പൻറായി കൊടുക്കുന്ന പണം എടുത്തു മറെറാരു കുട്ടിക്കു് കൊടുക്കുന്നു. ഇങ്ങിനെ രണ്ടു വിധത്തിലും ദാരിദ്ര്യത്തിനു പരിഹാരവും മിടുക്കിനു് പ്രോത്സാഹനവും നൽകുന്നുണ്ടു്.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: സ്കൈറെപ്പൻറെ കൊടുക്കുന്ന ചില കുട്ടികൾക്കു എഡ്യുക്കേഷൻ മെമ്പർ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ടു്. അതുപോലെ ചെയ്യുവാൻ ബഹുമാനപ്പെട്ട മന്ത്രിയും ദയവായി ആലോചിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെ ചെയ്യുകയാണെങ്കിൽ അത്യാവശ്യമായി കൊടുക്കേണ്ട ഒരു കുട്ടിക്കു് ചിലപ്പോൾ കിട്ടിയില്ലെന്നു വരും.

Mr. M. K. Raja *(Mulakunnathukavu)*: Are we to understand, Sir, that the finances of the Government are so poor that in order to encourage the members of the Depressed Class in education they have to "rob Peter to pay Paul"?

Mr. Parambi Lonppen *(Minister for Rural Development)*: If the intension of the House is that the number of the stipendiary students should be increased—that is a different matter. We are now giving stipends to 230 students in the lower secondary classes and 110 students in the upper secondary. If the idea of the House and the Hon'ble Members is that the number has to be increased that is a different matter. The present question whether it is advisable to convert the amount spent upon a student who is a little more industrious can be given to a more needy student.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: എല്ലാ അധഃകൃത വിദ്യാർത്ഥികൾക്കും സ്കൈറെപ്പൻറെ കൊടുക്കേണ്ട കാര്യം വീണ്ടും ആലോചിക്കുമോ?

Mr. Parambi Lonappen *(Minister for Rural Development)*: It is a difficult matter; any how I will think over the matter.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഇപ്പോൾ നിലവിലുള്ള നിയമം സ്കൈറെപ്പൻറിൻറെ തത്വത്തിനും സ്കോളർഷിപ്പിൻറെ തത്വത്തിനും രണ്ടിനും വിരുദ്ധമാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രധാനമായി ധനസഹായമാണു് ചെയ്യേണ്ടതു്. ആ ധനസഹായം രണ്ടു വിധത്തിൽ കൊടുക്കുന്നുവെന്നേയുള്ളൂ. ദരിദ്രരായിട്ടുള്ളവർക്കു പ്രോത്സാഹനമായി കൊടുക്കുന്നതാണു് സ്കൈറെപ്പൻറെ. കുട്ടിയുടെ മിടുക്കു നോക്കി കൊടുക്കുന്നതാണു് സ്കോളർഷിപ്പു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: സ്കോളർഷിപ്പ് എന്നുള്ളതു് ദരിദ്രർക്കുള്ള ധനസഹായമാണോ? അതു് അവരുടെ മിടുക്കുകൊണ്ടു മേടിക്കുന്ന തുകയല്ലേ?

മിസ്റ്റർ എം. കെ. രാജാ: ഒരാൾ മിടുക്കനാവുകയെന്നുള്ളതു് ഒരു കുറ്റമാണോ, സർ?

Mr. Parambi Lonappen *(Minister for Rural Development)*: Certainly not.

DEPRESSED CLASSES—COLONIES—SCHEME FOR

171. Mrs. Dakshayani Velayudhan *(Nominated)*: Will Government be pleased to state.—

whether it had got any new scheme in order to replace the colony progamme from the previous Minister?

Mr. Parambi Lonappen *(Minister for Rural Development)*:

A new scheme for improving the conditions of the colonies has not yet been prepared.

Mrs. Dakshayani Velayudhan *(Nominated)*: If the representatives of the Depressed Classes submit a scheme for the improvement of the colonies, will the Government be pleased to accept it and work it.

Mr. Parambi Lonappen *(Minister for Rural Development)*: We cannot accept it in toto but we will consider it.

LIBRARY ARCHIVES Kerala Legislative Assembly